**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2637** **23-02-2026 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ രംഗത്തെ സമഗ്രപരിഷ്കരണത്തിന് കേരള ബാങ്കിന്റെ രൂപീകരണം എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സഹകരണ മേഖലയിൽ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കാനും സഹകരണ സംവിധാനത്തിന്റെ ഗുണഫലങ്ങൾ സംസ്ഥാന വ്യാപകമായി എല്ലാവരിലേയ്ക്കും തുല്യമായി എത്തിക്കുവാനും കേരള ബാങ്ക് രൂപീകരണം സഹായകമായി. ഗ്രാമീണമേഖലയ്ക്കും സാധാരണ ജനതയ്ക്കും പ്രാധാന്യം നൽകി കൊണ്ട് അവരുടെ തൊഴിലവസരവും ജീവിതനിലവാരവും വർദ്ധിപ്പിക്കുന്നതിന് കാർഷിക വായ്പകളും, MSME വായ്പകളും, പ്രത്യേക മുൻഗണന നൽകി വിതരണം ചെയ്യാൻ കഴിഞ്ഞു. നിലവിൽ കേരള ബാങ്കിന്റെ വായ്പാ ബാക്കിനിൽപ്പ് 53,504.13 കോടി രൂപയാണ്. സാധാരണക്കാരായ തൊഴിലന്വേഷകരുടേയും, കർഷകരുടേയും കൈകളിലേക്ക് ഈ തുക എത്തിക്കാൻ കഴിഞ്ഞത് സഹകരണമേഖലയുടെ പ്രത്യേകിച്ച് കേരള ബാങ്കിന്റെ പ്രസക്തിയും സാമൂഹിക പ്രതിബന്ധതയും ചൂണ്ടിക്കാട്ടുന്നു.<br><br>തൊഴിൽ അന്വേഷകരിൽ നിന്ന് തൊഴിൽ ദാതാക്കളായി കേരളത്തിലെ യുവതലമുറയെ വളർത്തുക എന്നതാണ് ലക്ഷ്യം. വനിതകൾക്ക് പ്രത്യേക സംരംഭക വായ്പയും അനുവദിക്കുന്നു. പ്രാഥമിക സംഘങ്ങളുടെ വികസനത്തിലൂടെ നാടിന്റെ വികസനം സാധ്യമാക്കുന്നതിനായി നബാർഡിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന PACS as MSC പദ്ധതിയിലൂടെ ഇതുവരെ 467.04 കോടി രൂപ സംഘങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. പ്രദേശവാസികൾക്ക് മികച്ച തൊഴിൽ സാധ്യത നൽകുന്നതും, മികച്ച ഉല്പാദനക്ഷമതയുള്ളതുമായ സംരംഭങ്ങളാണ് ഓരോ സംഘവും ആരംഭിച്ചിട്ടുള്ളത്. കൊല്ലം കടയ്ക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, മണ്ണാർക്കാട് നാട്ടുചന്ത എന്നിവ ഉദാഹരണം. |

| | | | |
|---|---|---|---|
| | | | കർഷക ഉല്പാദക സംഘങ്ങളുടെ രൂപീകരണത്തിലും വളർച്ചയ്ക്കും കേരള ബാങ്ക് (FPO) പ്രത്യേക പ്രാധാന്യം നൽകുന്നു. സംഘങ്ങൾക്കുള്ള പുനരുദ്ധാരണ പാക്കേജ് നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്നതിൽ കേരള ബാങ്ക് ശക്തമായ പിന്തുണ നൽകിവരുന്നു.<br><br>കോവിഡ് കാലയളവിൽ സമൂഹത്തിൽ പണലഭ്യത ഉറപ്പാക്കാൻ 3,720 കോടി രൂപയാണ് കുറഞ്ഞ പലിശ നിരക്കിൽ നബാർഡ് പിന്തുണയോടെ സംഘങ്ങൾ വഴി വിതരണം ചെയ്തത്. നമ്മുടെ നാട് നേരിട്ട പ്രളയം, വയനാട് ദുരന്തം എന്നീ ഘട്ടങ്ങളിൽ എല്ലാം മലയാളിയ്ക്ക് കൈതാങ്ങാവാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞത് കേരള ബാങ്ക് രൂപീകരണത്തിന്റെ ഗുണഫലമാണ്. കേരള ബാങ്കിൽ നിക്ഷേപിക്കുന്ന മലയാളിയുടെ സമ്പാദ്യം നമ്മുടെ നാട്ടിലെ സാധാരണക്കാരനു വേണ്ടി മാത്രമാണ് വിനിയോഗിക്കുന്നത്. UPI ഉൾപ്പെടെയുള്ള ആധുനിക ബാങ്കിംഗ് സേവനങ്ങൾ ചുരുങ്ങിയകാലം കൊണ്ട് സഹകരണ മേഖലയിലെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനായതും കേരള ബാങ്ക് രൂപീകരണത്തെ തുടർന്നുണ്ടായ വലിയ മാറ്റമാണ്. |
| (ബി) | കേരള ബാങ്കിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; വിശദമാക്കുമോ; | (ബി) | i. 31-03-2026 നകം സഞ്ചിതനഷ്ടം നികത്തി അറ്റ ലാഭത്തിലെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ആയതിനായി റിക്കവറി നടപടികൾ ഊർജ്ജസ്വലമായി നടത്തുകയും മറ്റു ചിലവുകൾ ചുരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>ii. മേൽ സ്ഥിതി സംജാതമായതിന് ശേഷം ബാങ്ക് ലക്ഷ്യമിടുന്ന NRE, NRO, Forex, CGTMSE തുടങ്ങിയ സേവനങ്ങൾ ആരംഭിക്കുകയും മറ്റ് ഏതൊരു വാണിജ്യ ബാങ്കുകളോടും കിടപിടിക്കത്തക്ക സേവന മികവ് കൈവരിക്കുകയും ചെയ്യും.<br><br>iii. കേരളത്തിലെ ഓരോ വീടുകളിലും ഒരു കേരള ബാങ്ക് അക്കൗണ്ട് എന്ന ആശയം നടപ്പാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരുന്നു.<br><br>iv. യുവാക്കൾക്കും വനിതകൾക്കും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി MSME വായ്പകൾ പ്രോത്സാഹിപ്പിക്കും.<br><br>v. കാർഷിക മേഖലയിലെ വായ്പ ബാങ്കിന്റെ മൊത്തം വായ്പയുടെ 30 ശതമാനമായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. (നിലവിൽ ഇത് 24 ശതമാനമാണ്) |

| | | | |
|---|---|---|---|
| (സി) | കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തികൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ ഫലപ്രാപ്തിയിലേക്കെത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | കേരള ബാങ്കിന്റെ നിഷ്ക്രിയാസ്തികൾ കുറച്ചുകൊണ്ടുവരുന്നതിന് റിക്കവറി നടപടികളായി സർഫാസി, ARC, RR എന്നീ നടപടികളാണ് പ്രധാനമായും സ്വീകരിക്കുന്നത്.<br><br>ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 2025 ജൂൺ മാസത്തിൽ 8669.35 കോടി രൂപയായിരുന്നത്. 16.02.2026 ആയപ്പോയേയ്ക്കും വിവിധ റിക്കവറി നടപടികളിലൂടെ 7200.54 കോടി രൂപയായി കുറയ്ക്കാനായിട്ടുണ്ട്. അത് പ്രധാനമായും സർഫാസി നടപടികളിലൂടെയും, RR നടപടികളിലൂടെയുമാണ് നടന്നു വരുന്നത്. |
| (ഡി) | കേരള ബാങ്കിന്റെ മൂലധന പര്യാപ്തത റിസർവ്വ് ബാങ്ക് നിശ്ചയിക്കുന്ന മിനിമം പരിധിയിൽ നിലനിർത്താൻ സാധിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന മിനിമം മൂലധന പരിധിയായ 9% നിലനിർത്താൻ കേരള ബാങ്കിന് കഴിയുന്നുണ്ട്. കേരള ബാങ്ക് രൂപീകരണത്തെത്തുടർന്ന് 400 കോടി രൂപ ഓഹരി മൂലധനം സർക്കാർ നൽകിയതുകൊണ്ടാണ് ഇത് സാധ്യമായത് |

സെക്ഷൻ ഓഫീസർ